(സി) സംയുക്ത പരിശോധന നടത്തി 1-1-1977-ന് ശേഷമുള്ള എല്ലാ കുടിയേറ്റങ്ങളും ഒഴിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

131 (1931) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര ആദിവാസികളെ ഇതിനകം നിയമിച്ചിട്ടുണ്ട് ;

(സി) ഇവരുടെ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തത്തക്ക രീതിയിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം പ്രത്യേക നിയമനങ്ങളോ അതിലേക്കായി സേവന വ്യവസ്ഥകളോ ഉദ്ദേശിക്കുന്നില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആദിവാസികൾക്ക് നൽകാനായി ലഭിച്ച വനഭൂമി

132 (1932) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നൽകുന്നതിനു വേണ്ടി സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വനഭൂമി എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത് ;

(സി) സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസികൾക്കായി പ്രസ്തുത ഭൂമി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 12196 ഹെക്ടർ നിക്ഷിപ്ത വനഭൂമി ആദിവാസികൾക്ക് നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല.

(ബി) കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രസ്തുത വനഭൂമി സ്ഥിതിചെയ്യുന്നത്.

(സി) കേന്ദ്രസർക്കാർ അനുമതി ലഭിച്ചതിനുശേഷമേ വനഭൂമി എപ്രകാരം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന തീരുമാനമെടുക്കാനാവുകയുള്ളു.

ആദിവാസികൾക്ക് അപകട ഇൻഷ്വറൻസ്

133 (1933) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയിൽ കഴിയുന്ന ആദിവാസികൾക്ക് അപകട ഇൻഷ്വറൻസ് നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും ഇൻഷ്വറൻസ് അപേക്ഷയിൽ കുടിശ്ശികയുള്ളതായി അറിയിക്കുമോ ;

(ഡി) എങ്കിൽ അവ എത്രയെണ്ണമുണ്ടെന്നും എന്തു തുകയ്ക്ക് ഉള്ളതാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി കേരള സർക്കാർ 14-3-1995-ൽ നടപ്പിലാക്കിയ പദ്ധതിയാണ് ട്രൈബൽ ഇൻഷ്വറൻസ്. വനം വകുപ്പും യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിലെ വനമേഖലകളിൽ ജീവിക്കുന്ന ഒരു വയസ്സിനും എഴുപതു വയസ്സിനും മധ്യേ പ്രായമുള്ള എല്ലാ എസ്. സി./എസ്. റ്റി. വിഭാഗങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. അംഗഭംഗങ്ങളും മരണങ്ങളുമാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ആറു വയസ്സിനും 70 വയസ്സിനും മധ്യേ പ്രായമുള്ളവർ മരണപ്പെട്ടാൽ 25000 രൂപയും ഒരു വയസ്സിനും അഞ്ചു വയസ്സിനും

LIBRARY ARCHIVES Kerala Legislative Assembly